# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1030 — 14/06/2012-ൽ മറുപടിയ്ക്ക്

## സമഗ്ര പുനരധിവാസ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) വികസനാവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടമാകുന്നവർക്കായി സമഗ്രപുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (എ) 15-11-2011-ലെ ജി.ഒ. (എം.എസ്) 419/11/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സമഗ്രമായ ഒരു പുനരധിവാസ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 03-05-2012-ലെ സ.ഉ. (എം എസ്) 182/12/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇൻഫ്രാസ്ട്രക്ചർ ബോണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ ; | (ബി) ഈ വിഷയം സംബന്ധിച്ച് സർക്കാർ 21-02-2012-ൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ ഉടലെടുത്ത നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) മൂല്യം കണക്കാക്കി ഭൂമിയുടെ വില നിർണ്ണയിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) കേരള പൊന്നുംവില ചട്ടം 10 അനുസരിച്ചാണ് ഭൂമിയുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത്. തുടർന്ന് ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂവുടമകളുമായി ചർച്ച നടത്തി ഭൂവില സംബന്ധിച്ച് ധാരണയിലെത്തുകയും സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വില അനുവദിച്ചു നൽകുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ